പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7284 16.7.2012-ൽ മറുപടിയ്ക്ക്

**<u>ഭൂമി രജിസ്ട്രേഷൻ-വിവര കേന്ദ്രീകരണ പദ്ധതി</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ :<br>ശ്രീ.ഷാഫി പറമ്പിൽ :<br>ശ്രീ.പി.എ.മാധവൻ :<br>ശ്രീ.എ.റ്റി.ജോർജ് : | ശ്രീ.അനൂപ് ജേക്കബ്ബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂമി സംബന്ധമായ രജിസ്ട്രേഷൻ വിവരങ്ങൾ കേന്ദ്രീകരിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. ആയതിന്റെ പ്രാരംഭ നടപടിയുടെ ഭാഗമായി, സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ കേന്ദ്രീകൃത സെർവർ സ്ഥാപിച്ച് സബ് രജിസ്ട്രാർ ഓഫീസുകളുടെ ഡാറ്റാ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകാമോ ; | (ബി) വസ്തുക്കളുടെ ബാധ്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും, ആധാര രജിസ്ട്രേഷൻ വിവരങ്ങൾ സർക്കാരിനും പൊതുജനങ്ങൾക്കും കാലതാമസം കൂടാതെ പരിശോധിക്കുന്നതിനും ഈ പദ്ധതി മൂലം സാധ്യമാകുന്നു. |
| (സി) ഇതിനായി എന്തെല്ലാം പ്രാരംഭപ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | (സി) നിലവിലുള്ള രജിസ്ട്രേഷൻ ഡാറ്റാ Unicode - ലേക്ക് മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ